**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2455** **15-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ഉപകരണ വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് എത്ര സംരംഭങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്; ഈ വ്യവസായ രംഗത്തിന്റെ വളർച്ചയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (എ) | സംസ്ഥാനത്ത് മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് 101 സംരംഭങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>മെഡിക്കൽ ഉപകരണ നിർമ്മാണം ഉൾപ്പെടെയുള്ള വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി വ്യവസായ നയം, 2023 സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.<br><br>വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലകളിൽ ഒന്നാണ് മെഡിക്കൽ ഉപകരണനിർമ്മാണം. സംസ്ഥാനത്തെ മികച്ച മനുഷ്യവിഭവശേഷിയും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മെഡിക്കൽ അനുബന്ധ വ്യവസായത്തിന് അനുയോജ്യമാണ്. താഴെ പറയുന്ന കാര്യങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**അടിസ്ഥാന സൗകര്യം** |

- മെഡ്സ് പാർക്കിൽ മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ രൂപകല്പനയ്ക്കും നിർമ്മാണത്തിനും സൗകര്യമുണ്ടായിരിക്കും. ഇത് പങ്കിട്ട് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനം ഒരുക്കും.
- അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഹെൽത്ത്കെയർ സ്ഥാപനങ്ങൾ, സർക്കാർ എന്നിവയ്ക്കിടയിൽ അറിവ് പങ്കിടുന്ന ഒരു ആവാസവ്യവസ്ഥയെ പരിപോഷിപ്പിച്ചുകൊണ്ട് കേരളത്തിലെ മെഡിക്കൽ ഉപകരണ നിർമ്മാണവും സാങ്കേതികവിദ്യയും ത്വരിതപ്പെടുത്തുന്നതിനായി ഒരു 'മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക് കെ.എസ്.ഐ.ഡി.സി യുടെ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കും.
- മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഹൈ ടെമ്പറേച്ചർ പ്ലാസ്റ്റിക്, മെഡിക്കൽ ഗ്രേഡ് സിലിക്കൺ റബ്ബർ, മൈക്രോ ഫ്ളൂയിഡ്, മെഡിക്കൽ അലോയ് തുടങ്ങിയവ വാങ്ങുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കും.
- നിർമ്മിക്കപ്പെടുന്ന മെഡിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് മെഡ്സ് പാർക്കിൽ സൗകര്യമൊരുക്കും.

**നിക്ഷേപ പ്രോത്സാഹനം**

ഇവിടെ നിർമ്മിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിന് കരസ്ഥമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിവരുന്ന ചെലവിന്റെ അമ്പത് ശതമാനം തിരികെ നൽകും. ഒറ്റത്തവണ മാത്രം നൽകുന്ന ഈ തുക പരമാവധി 25 ലക്ഷം രൂപയായിരിക്കും.

**ഗവേഷണവും വികസനവും**

- അക്കാദമിക് സ്ഥാപനങ്ങളും മെഡിക്കൽ അനുബന്ധ ഉപകരണ നിർമ്മാണരംഗത്തെ വ്യവസായങ്ങളും തമ്മിൽ നടത്തുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രത്യേക ഫണ്ട് നീക്കിവയ്ക്കും. മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുകയും നിലവാര സർട്ടിഫിക്കറ്റ് നേടാൻ സഹായിക്കുകയും മെഡിക്കൽ

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളുടെ സുരക്ഷാ പരിശോധന നടത്തുകയും ചെയ്യുന്ന അക്കാദമിക്ക് സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും ഇതിന് വേണ്ടി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.<br>• ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നേടുന്നതിന് ഈടായി ബൗദ്ധിക സ്വത്തവകാശ രേഖ സമർപ്പിക്കാവുന്നതാണ്.<br><br>മെഡിക്കൽ ഉപകരണ വ്യവസായങ്ങൾക്കു വേണ്ട ഗവേഷണ-വികസന പിന്തുണ നൽകാനും, പരിശോധന, മൂല്യനിർണ്ണയം എന്നിവ പോലുള്ള മുഴുവൻ സേവനങ്ങളും നൽകുന്നതിനായി Kerala Lifesciences Industries Park Pvt Ltd (KLIP)-ൽ 9 ഏക്കർ സ്ഥലത്ത് ഒരു പുതിയ മെഡിക്കൽ ഉപകരണ പാർക്കിന്റെ നിർമാണ പ്രവർത്തനം നടന്നുവരുന്നു.<br><br>കൂടാതെ, അക്യുബിറ്റ്സ് ഇൻവെന്റ് പ്രൈവറ്റ് ലിമിറ്റഡിനും ഓർത്തോനെക്സ ഇന്നൊവേഷൻസ് പ്രൈവറ്റ് ലിമിറ്റഡിനും നിലവിൽ മെഡിക്കൽ ഉപകരണ നിർമാണ യൂണിറ്റ് സ്ഥാപിക്കുന്നതിനായി Kerala Lifesciences Industries Park Pvt Ltd (KLIP)-ൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ